കേരള സ്കൂൾ പാഠ്യപദ്ധതി 2013

# ടേം വിലയിരുത്തൽ

## മാർഗരേഖ - എട്ടാം തരം

- **മാർഗനിർദേശങ്ങൾ**
- **പഠനനേട്ടങ്ങൾ**
- **ചിന്താശേഷികൾ**
- **ചോദ്യപേപ്പർ ഡിസൈൻ**
- **മാതൃകാചോദ്യങ്ങൾ**
- **ഉത്തരസൂചിക, ഗ്രേഡിംഗ് സൂചകങ്ങൾ - ഫോർമാറ്റ്**
- **ചോദ്യവിശകലനം - മാതൃക**
- **കലാ-കായിക-ആരോഗ്യ-പ്രവൃത്തിപഠനം - മാർഗനിർദ്ദേശങ്ങൾ**
- **അനുബന്ധം 1**

  ഭാഷാവിഷയങ്ങളുടെ മാതൃകാ ചോദ്യങ്ങളും ഉത്തരസൂചകങ്ങളും
- **അനുബന്ധം 2**

  ശാസ്ത്രവിഷയങ്ങളുടെ മാതൃകാ ചോദ്യങ്ങളും ഉത്തരസൂചകങ്ങളും
- **അനുബന്ധം 3**

  കലാ-കായിക-ആരോഗ്യ-പ്രവൃത്തിപഠനവിഷയങ്ങളുടെ മാതൃകാ ചോദ്യങ്ങളും ഉത്തരസൂചകങ്ങളും

**തയാറാക്കിയത്**

**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം**

**2015**

## എട്ടാം തരം ടേം വിലയിരുത്തൽ – മാർഗനിർദ്ദേശങ്ങൾ

പരിഷ്ക്കരിച്ച കേരള സ്കൂൾ പാഠ്യപദ്ധതി 2013 അടിസ്ഥാനപ്പെടുത്തിയുള്ള പഠനബോധന പ്രവർത്തനങ്ങൾ സംസ്ഥാനത്തെ സ്കൂളുകളിൽ നടന്നുവരികയാണ്. പഠനനേട്ടങ്ങൾ എത്രത്തോളം കൈവരിച്ചു എന്നതിന് ഊന്നൽ നൽകുന്ന സമീപനമാണ് വിലയിരുത്തലിന് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. പരിഷ്ക്കരണത്തിന്റെ ഭാഗമായി 1 മുതൽ 8 വരെ ക്ലാസ്സുകളിലെ പാഠ്യപദ്ധതി പരിഷ്കരിച്ചു. അതുപ്രകാരം വിവിധ വിഷയങ്ങളുടെ പാഠപുസ്തകങ്ങൾ പരിഷ്ക്കരിച്ച് നടപ്പിലാക്കുകയുണ്ടായി. ഒന്നു മുതൽ എട്ടുവരെ ക്ലാസുകളിലെ വിലയിരുത്തൽ സമീപനം ഓരോ വിഷയവുമായി ബന്ധപ്പെട്ട ടീച്ചർ ടെക്സ്റ്റുകളിൽ നൽകിയിട്ടുണ്ട്. ഇതനുസരിച്ച് 8-ാം തരത്തിൽ നിരന്തരവിലയിരുത്തലിനും (CE), ടേം വിലയിരുത്തലിനും (TE) പ്രത്യേകം ഗ്രേഡുകൾ ഓരോ ടേമിലും നൽകേണ്ടതാണ്. പരിഷ്ക്കരിച്ച ഈ മാർഗരേഖ 2015 – 16 അക്കാദമിക വർഷം മുതൽ എട്ടാം തരത്തിൽ നടക്കേണ്ട ടേം വിലയിരുത്തലുകൾക്ക് വേണ്ടിയുള്ളതാണ്.

നിരന്തരമായും സമഗ്രമായും നിർവഹിക്കപ്പെടുന്ന വിലയിരുത്തലിന്റെ ഒരു സുപ്രധാന ഘട്ടമാണ് ടേം വിലയിരുത്തൽ. പഠിതാവ് നേടിയിട്ടുള്ള ശേഷികളും, ധാരണകളും ഏതെല്ലാമെന്നും പഠനനേട്ടങ്ങൾ എത്രത്തോളം കൈവരിച്ചു എന്നും ടേമിന്റെ അന്ത്യത്തിൽ വിലയിരുത്തുകയാണിവിടെ. ഈ പ്രക്രിയയെ പഠനത്തെ വിലയിരുത്തൽ (Assessment of Learning) എന്നു പറയുന്നു. പൊതുവായി എഴുത്ത് പരീക്ഷയാണ് ടേം വിലയിരുത്തലിൽ സ്വീകരിച്ചിട്ടുള്ളത്. എന്നാൽ 1, 2 ക്ലാസ്സുകളിൽ വാചികം (Oral), എഴുത്ത് (Written), പ്രകടനം (Performance) എന്നിവയുടെ ഉദ്ഗ്രഥിത രീതിയായിരിക്കും നടക്കുക. വൈജ്ഞാനികമേഖലയിലേക്ക് പുതുതായി നിർദ്ദേശിച്ചിട്ടുള്ള കലാപഠനം, പ്രവൃത്തിപഠനം, ആരോഗ്യ – കായിക പഠനം എന്നീ വിഷയങ്ങളിൽ ടേം വിലയിരുത്തൽ പ്രകടനാധിഷ്ഠിതമായാണ് (Performance based) നിർവഹിക്കുക.

ഒരു വർഷത്തിൽ മൂന്ന് ടേം വിലയിരുത്തലുകളാണ് നിർദേശിക്കുന്നത്. ഓരോ ടേമിലേയും വിവിധ വിഷയങ്ങളുടെ പാഠഭാഗങ്ങളെ സംബന്ധിച്ച് വ്യക്തമായ സ്കീം ഓഫ് വർക്ക് തയാറാക്കി നൽകിയിട്ടുണ്ട്. ഇവ പരിഗണിച്ചുകൊണ്ടാണ് ടേം വിലയിരുത്തൽ നിർവഹിക്കേണ്ടത്.

## (1) ടേം വിലയിരുത്തൽ മാർഗനിർദേശങ്ങൾ

- ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട് നിർദിഷ്ട പഠനനേട്ടങ്ങൾ (Learning outcomes) എത്രമാത്രം കൈവരിക്കാൻ സാധിച്ചു എന്ന് വിലയിരുത്തുന്നതിനുള്ള ചോദ്യങ്ങളാണ് പരിഗണിക്കേണ്ടത്.
- പാഠപുസ്തകത്തിലെ അറിവും അനുഭവവും ബന്ധപ്പെടുത്തിയാകണം ചോദ്യങ്ങൾ തയാറാക്കേണ്ടത്.
- ഭാഷാവിഷയങ്ങളിൽ ചോദ്യങ്ങൾ തയാറാക്കുമ്പോൾ ഭാഷാവസ്തുതകൾക്കും ഭാഷാശേഷികൾക്കും വ്യവഹാരരൂപങ്ങൾക്കും ഉള്ളടക്കത്തിനും രചനാവൈഭവത്തിനും പ്രാധാന്യം നൽകേണ്ടതുണ്ട്. ചോദ്യങ്ങളിൽ വൈവിധ്യം പുലർത്തണം.
- ശാസ്ത്രവിഷയങ്ങളിൽ (ശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഗണിതം) ആശയങ്ങൾ/ധാരണകൾ, പ്രക്രിയാശേഷികൾ, പ്രയോഗ സാധ്യതകൾ എന്നിവ കണക്കിലെടുത്തുകൊണ്ടുള്ള വൈവിധ്യമാർന്ന ചോദ്യങ്ങൾ തയാറാക്കണം.
- മേൽപ്പറഞ്ഞ വിഷയങ്ങളിൽ ചോദ്യങ്ങൾ തയാറാക്കുമ്പോൾ, കലാ-കായിക-ആരോഗ്യ-പ്രവൃത്തി പഠന മേഖലയുമായി ബന്ധപ്പെട്ട അടിസ്ഥാന ധാരണകൾ പരിശോധിക്കുന്നതിന് ഈ മേഖലയുമായി ഉദ്ഗ്രഥിച്ച് ചില ചോദ്യങ്ങളും ഉൾപ്പെടുത്താം.
- ചോദ്യപേപ്പറിലെ ചോദ്യങ്ങളിൽ ലളിതമായ ഭാഷ ഉപയോഗിക്കണം. അവ സംക്ഷിപ്തവുമായിരിക്കണം.
- ഓരോ വിഷയത്തിന്റെ പരീക്ഷയ്ക്കും (written) ഒന്നര മണിക്കൂർ സമയമാണ് സ്വീകരിക്കേണ്ടത്. കാലപഠനം, പ്രവൃത്തിപഠനം, കായികപഠനം എന്നിവയുടെ സമയത്തിൽ മാറ്റമുണ്ടാകും. അടിസ്ഥാനശാസ്ത്രത്തിന് രണ്ട് മണിക്കൂർ സമയമുണ്ടായിരിക്കും.
- അടിസ്ഥാനശാസ്ത്രം ഒഴികെ മറ്റെല്ലാവിഷയങ്ങൾക്കും പരമാവധി 40 സ്കോറിലാണ് ചോദ്യപേപ്പർ തയാറാക്കേണ്ടത്. അടിസ്ഥാനശാസ്ത്രത്തിന് പരമാവധി 60 സ്കോറിൽ ചോദ്യപേപ്പർ തയാറാക്കണം. ഇതിൽ ഊർജതന്ത്രത്തിന് 20 സ്കോർ, രസതന്ത്രത്തിന് 20 സ്കോർ, ജീവശാസ്ത്രത്തിന് 20 സ്കോർ എന്നിങ്ങനെയാണ് സ്കോർ വിതരണം. അടിസ്ഥാനശാസ്ത്രത്തിന് മൊത്തമായാണ് ഗ്രേഡ് നൽകേണ്ടത്. പ്രതീക്ഷിത ഉത്തരത്തിന്റെ സ്വഭാവം (ദൈർഘ്യം, വിശദാംശങ്ങൾ,....) എല്ലാ പഠിതാക്കൾക്കും ഒരേപോലെ ബോധ്യപ്പെടാൻ വേണ്ടിയാണ് ചോദ്യപേപ്പറിൽ സ്കോറുകൾ നൽകുന്നത്.
- TE, CE എന്നിവയ്ക്ക് പ്രത്യേകം ഗ്രേഡുകൾ നൽകേണ്ടതാണ്. (CE ഗ്രേഡ് കണക്കാക്കുന്ന രീതി ഓരോ വിഷയവുമായി ബന്ധപ്പെട്ട ടീച്ചർ ടെക്സ്റ്റിൽ ആമുഖ അധ്യായത്തിൽ നൽകിയിട്ടുണ്ട്).

- ജാതി, മതം, കക്ഷി രാഷ്ട്രീയം, സാമുദായികം, ലിംഗപദവി, ഭാഷ തുടങ്ങിയവുമായി ബന്ധപ്പെട്ട വികാരവിചാരങ്ങളെ വ്രണപ്പെടുത്തുന്ന ചോദ്യങ്ങളോ പരാമർശങ്ങളോ ഉൾക്കൊള്ളിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.
- ചോദ്യങ്ങൾ തയാറാക്കുമ്പോൾ ചിത്രങ്ങൾ, ചിത്രീകരണങ്ങൾ, ഗ്രാഫുകൾ, പട്ടികകൾ എന്നിവയുടെ ഉപയോഗം പരമാവധി പ്രയോജനപ്പെടുത്തണം.
- ചോദ്യങ്ങൾ വ്യക്തമായിരിക്കണം. ഒന്നിൽ കൂടുതൽ വ്യാഖ്യാനങ്ങൾക്ക് അവസരം നൽകി അർത്ഥശങ്കയ്ക്ക് ഇടവരുന്നവയാകരുത്.
- ചോദ്യങ്ങൾക്ക് ആവശ്യമായ നിർദേശങ്ങൾ വ്യക്തതയോടെ നൽകണം. പൊതു നിർദേശങ്ങൾക്ക് പുറമേ ഓരോ ചോദ്യത്തിനും വേണ്ടിവരുന്ന നിർദേശങ്ങൾ അതത് ചോദ്യങ്ങൾക്കൊപ്പം നൽകേണ്ടതാണ്.
- വ്യത്യസ്ത നിലവാരമുള്ള കുട്ടികൾക്കും, പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കും കൂടി ഇടപെടാവുന്ന തരത്തിലുള്ള ചോദ്യങ്ങളാകണം. അതിനനുസരിച്ചുള്ള വിശദാംശങ്ങൾ ചോദ്യത്തിലുണ്ടാകണം.
- ചോദ്യപേപ്പർ തയാറാക്കുന്നതിന് മുമ്പ് പരിഗണിക്കേണ്ട പഠനനേട്ടങ്ങൾ, സിലബസ്, പാഠഭാഗങ്ങൾ, സമയം, എന്നിവയെ സംബന്ധിച്ച് വ്യക്തമായ ധാരണ ചോദ്യകർത്താവിന് ഉണ്ടാകണം.
- പാഠപുസ്തകത്തിൽ നിന്ന് /പഠനചുറ്റുപാടിൽ നിന്ന് പഠിതാവ് നേടിയെടുത്ത അനുഭവങ്ങളുമായി ബന്ധപ്പെടുത്തിയാണ് മൂല്യനിർണയ ടൂളുകൾ രുപപ്പെടുത്തേണ്ടത്.
- ചോദ്യപേപ്പർ തയാറാക്കുന്നതുമായി ബന്ധപ്പെട്ട ഒരു ഡിസൈൻ ആദ്യം തന്നെ തയാറാക്കണം.

ഇതിൽ
(i) പഠനനേട്ടങ്ങൾക്കുള്ള വെയിറ്റേജ്
(ii) ഉള്ളടക്കത്തിനുള്ള വെയിറ്റേജ്
(iii) വിവിധ തരത്തിലുള്ള ചോദ്യങ്ങൾക്കുള്ള വെയിറ്റേജ്
(iv) വിവിധ ചിന്താശേഷികൾക്കുള്ള വെയിറ്റേജ്

എന്നിവ വ്യക്തമായി നൽകണം.

- ചോദ്യപേപ്പറിനൊപ്പം ഉത്തരസൂചിക, വിലയിരുത്തുന്നതിനുള്ള ഗ്രേഡിംഗ് സൂചകങ്ങൾ, ചോദ്യവിശകലനം എന്നിവയും തയാറാക്കേണ്ടതാണ്.
- ചോദ്യപേപ്പറിൽ വസ്തുനിഷ്ഠ (Objective) ചോദ്യങ്ങളും (മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങൾക്ക് ഊന്നൽ നൽകണം) ഒരു വാക്യത്തിലും വിശദമായ ഉത്തരമെഴുതേണ്ട ചോദ്യങ്ങളും (Descriptive) ഉണ്ടാകണം.
- മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങൾക്ക് ചിന്തോദ്ദീപകമായ നാല് distractors നൽകണം.

- ചോദ്യങ്ങളിൽ പദജോഡികൾ കണ്ടെത്തൽ, ചേരുംപടി ചേർക്കൽ, കൂട്ടത്തിൽപ്പെടാത്തത് കണ്ടെത്തൽ, തെറ്റുതിരുത്തി എഴുതൽ, സാമ്യങ്ങൾ/ വ്യത്യാസങ്ങൾ കണ്ടെത്തൽ, പട്ടികപ്പെടുത്തൽ, ചിത്രം പൂർത്തിയാക്കൽ, ചിത്രത്തിൽ അടയാളപ്പെടുത്തൽ, വർഗീകരിക്കൽ, ചിത്രം വിശകലനം ചെയ്യൽ, ഗണിതപ്രശ്നങ്ങൾ പരിഹരിക്കൽ, ശരി കണ്ടെത്തൽ, പ്രസ്താവനകൾ ക്രമീകരിക്കൽ തുടങ്ങിയ വൈവിധ്യമാർന്നവ പരിഗണിക്കാം.
- ഒരു യൂണിറ്റിലെ വ്യത്യസ്ത പഠനനേട്ടങ്ങൾ ചേർത്തോ, വ്യത്യസ്ത യൂണിറ്റുകളിലെ പഠനനേട്ടങ്ങൾ ഒരുമിച്ചുചേർത്തോ ചോദ്യമാകാം.
- ഗ്രേഡഡ് ചോദ്യങ്ങൾക്കുള്ള അവസരം പരമാവധി ഉപയോഗപ്പെടുത്തണം. എല്ലാ പഠിതാക്കളേയും ഉത്തരം എഴുതാൻ പ്രേരിപ്പിക്കുന്ന ഒരു എൻട്രി ഘടകം ചോദ്യത്തിന് ഉണ്ടായിരിക്കണം. (ഇത്തരം ചോദ്യങ്ങൾക്ക് ആവശ്യമെങ്കിൽ വേണ്ടുന്ന സൂചന - hints to answer - നൽകാവുന്നതാണ്) ഇത്തരം ചോദ്യങ്ങളിൽ വിവിധ തരത്തിലുള്ള ചോദ്യങ്ങൾ ഉപചോദ്യങ്ങളായി ഉൾപ്പെടുത്താം. ഉദാഹരണത്തിന് രണ്ട് വസ്തുനിഷ്ഠ ചോദ്യങ്ങളും വിശദമായ ഉത്തരമെഴുതേണ്ട ഒരു ചോദ്യവും ചേർന്ന ഒരു കോമ്പിനേഷൻ ആകാം. ഒരു വസ്തുനിഷ്ഠചോദ്യം, രണ്ട് ഹ്രസ്വോത്തര ചോദ്യങ്ങൾ ചേർന്ന ഒരു കോമ്പിനേഷനും ആകാം. ഈ രീതിയിലുള്ള മറ്റ് കോമ്പിനേഷനുകളും പരിഗണിക്കാവുന്നതാണ്.
- വിവിധ ചിന്താശേഷികൾ (Thinking skills) പരിഗണിക്കുമ്പോൾ ആശയസ്വാംശീകരണ ചിന്താശേഷികൾക്ക് 60% വും ആശയപ്രയോഗവുമായി ബന്ധപ്പെട്ട ചിന്താശേഷികൾക്ക് 40% വെയിറ്റേജുമാണ് നൽകേണ്ടത്.
- വസ്തുനിഷ്ഠ മാതൃകയിലുള്ള ചോദ്യങ്ങൾക്ക് 15 -20% വെയിറ്റേജ് നൽകാം.
- ഉത്തരസൂചകങ്ങളെ അടിസ്ഥാനപ്പെടുത്തി ഓരോ ചോദ്യത്തിനും സ്കോർ കണക്കാക്കി എല്ലാ ചോദ്യത്തിനും കൂടി ലഭിക്കുന്ന ആകെ സ്കോറിനെ ചുവടെ കൊടുത്തിരിക്കുന്ന 5 പോയിന്റ് ശതമാന പട്ടിക ഉപയോഗിച്ച് ഓരോ വിഷയത്തിനും ലഭിച്ച TE ഓവറോൾ ഗ്രേഡ് കണക്കാക്കാം.

| **ഗ്രേഡ് പോയിന്റ് (%)** | **ഗ്രേഡ്** |
|---|---|
| 75 -100 | A |
| 60 - 74 | B |
| 45 - 59 | C |
| 33 - 44 | D |
| 33 ൽ താഴെ | E |

ഓരോ വിഷയവുമായി ബന്ധപ്പെടുത്തി കുട്ടി നേടിയ ഗ്രേഡുകൾക്കാണ് പ്രാമുഖ്യം നൽകേണ്ടത്. സ്കോർ നൽകുന്നത് ഗ്രേഡ് കണക്കാക്കുന്നതിനുള്ള ഒരു ഉപാധിയായി മാത്രമാണ് കാണേണ്ടത്.

## (2) പഠനനേട്ടങ്ങൾ

ഓരോ വിഷയത്തിന്റെയും പാഠപുസ്തകങ്ങളിലും ടീച്ചർ ടെക്സ്റ്റുകളിലും പഠനനേട്ട ങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ബന്ധപ്പെട്ട പഠനനേട്ടങ്ങൾ അടിസ്ഥാനമാക്കിയാണ് ചോദ്യങ്ങൾ തയാറാക്കേണ്ടത്.

## (3) ചിന്താശേഷികൾ

ചോദ്യപേപ്പർ നിർമിക്കുമ്പോൾ വിവിധ ചോദ്യങ്ങളിലൂടെ വിലയിരുത്തേണ്ട ചിന്താ ശേഷികൾക്ക് ശരിയായ വെയ്റ്റേജ് നൽകണം. ചിന്താശേഷികൾ ചുവടെ നൽകുന്നു. ഇതിൽ ആശയ സ്വാംശീകരണത്തിനാവശ്യമായ ചിന്താശേഷികളും ആശയപ്രയോഗ ത്തിന് ആവശ്യമായ ചിന്താശേഷികളും അടങ്ങിയിട്ടുണ്ട്. ചോദ്യപേപ്പറിൽ ആശയ സ്വാംശീകരണ ചിന്താശേഷികൾക്ക് 60% വും ആശയപ്രയോഗവുമായി ബന്ധപ്പെട്ട ചിന്താശേഷികൾക്ക് 40% വെയിറ്റേജും ഉറപ്പിക്കേണ്ടതാണ്.

- താരതമ്യം ചെയ്യൽ
- തരം തിരിക്കൽ
- ചിത്രീകരിക്കൽ
- ക്രമീകരിക്കൽ
- പട്ടികപ്പെടുത്തൽ
- സാമാന്യവത്ക്കരിക്കൽ
- അനുയോജ്യമായ ഉപകരണങ്ങൾ തിരിച്ചറിയൽ
- വിശദീകരിക്കൽ
- ബന്ധം കണ്ടെത്തൽ
- പ്രയോഗിക്കൽ
- പൊരുത്തപ്പെടുത്തൽ
- വ്യാഖ്യാനിക്കൽ
- പ്രശ്നം അപഗ്രഥിക്കൽ
- നിഗമനം രൂപീകരിക്കൽ
- കാര്യകാരണബന്ധം കണ്ടെത്തൽ
- സമർത്ഥിക്കൽ
- നിഗമനങ്ങൾ രൂപീകരിക്കൽ
- പ്രശ്ന നിർധാരണം
- പട്ടിക അപഗ്രഥിക്കൽ
- കാര്യകാരണബന്ധം വിശദീകരിക്കൽ
- യുക്തിപൂർവം സമർത്ഥിക്കൽ
- മാതൃകകൾ രൂപീകരിക്കൽ
- വിലയിരുത്തൽ

- രൂപകൽപ്പന ചെയ്യൽ
- നിർമിക്കൽ

ഓരോ വിഷയത്തിനും അനുയോജ്യമായ ചിന്താശേഷികൾ ലിഖിതമായോ (വാക്കുകൾ) വാചികമായോ മേൽപ്പറഞ്ഞവയോടൊപ്പം കൂട്ടിച്ചേർക്കാവുന്നതാണ്.

## (4) ചോദ്യപേപ്പർ ഡിസൈൻ

### (i) യൂണിറ്റുകൾ, പഠനനേട്ടങ്ങൾ എന്നിവയ്ക്കുള്ള വെയിറ്റേജ്

| യൂണിറ്റുകൾ | പഠനനേട്ടങ്ങൾ (നമ്പർ) | സ്കോർ | സ്കോർ (%) |
|---|---|---|---|
| | | | |
| | | | |
| | | | |
| | | | |
| | | | |

### (ii) ചിന്താശേഷികൾക്കുള്ള വെയിറ്റേജ്

| ചിന്താശേഷികൾ | സ്കോർ % | സ്കോർ |
|---|---|---|
| ആശയം - ധാരണ നേടൽ/സ്വാംശീകരണം എന്നിവയ്ക്ക് ആവശ്യമായ ചിന്താശേഷികൾ | | 60 |
| ആശയപ്രയോഗത്തിന് ആവശ്യമായ ചിന്താശേഷികൾ | | 40 |

### (iii) വിവിധ ചോദ്യമാതൃകകൾക്കുള്ള വെയിറ്റേജ്

| വിവിധ ചോദ്യമാതൃകകൾ | സ്കോർ % | സ്കോർ |
|---|---|---|
| വസ്തുനിഷ്ട മാതൃക | | 15-20 |
| വിശദമായ ഉത്തരമെഴുതേണ്ട മാതൃക | | 80-85 |

## (5) മാതൃകാ ചോദ്യങ്ങൾ

ഭാഷാ വിഷയങ്ങളുടെയും ശാസ്ത്രവിഷയങ്ങളുടെയും കലാ-കായിക-ആരോഗ്യ-പ്രവൃത്തി പഠന വിഷയങ്ങളുടെയും മാതൃകാചോദ്യങ്ങൾ അനുബന്ധമായി നൽകിയിട്ടുണ്ട്. ചോദ്യപേപ്പർ നിർമിക്കുമ്പോൾ അവ പരിഗണിക്കാവുന്നതാണ്.

## (6) ഉത്തര സൂചിക, ഗ്രേഡിംഗ് സൂചകങ്ങൾ – ഫോർമാറ്റ്

| ചോദ്യനമ്പർ | ഉത്തരം/ഉത്തര സൂചകങ്ങൾ | സ്കോർ വിശദാംശങ്ങൾ | ആകെ സ്കോർ |
|---|---|---|---|
| | | | |

## (7) ചോദ്യവിശകലന മാതൃക

| ചോദ്യ നം. | യൂണിറ്റ് | പഠന നേട്ടങ്ങൾ (നം) | ആശയ സ്വാംശീകരണ/ ആശയ പ്രയോഗ ചിന്താശേഷികൾ | ചോദ്യ മാതൃക | സ്കോർ | സമയം |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | ആകെ | | |

## കലാ – കായിക – ആരോഗ്യ – പ്രവൃത്തിപഠന വിഷയങ്ങളുടെ ടേം വിലയിരുത്തൽ – മാർഗനിർദ്ദേശങ്ങൾ

### പരീക്ഷാ നടത്തിപ്പിനെപ്പറ്റി...

കലാ, കായിക, ആരോഗ്യ, പ്രവൃത്തിപഠന വിഷയങ്ങൾക്ക് 2015-16 വർഷം മുതൽ CE യോടൊപ്പം ടേം വിലയിരുത്തൽ (TE) നടത്തേണ്ടതാണ്.

കലാ-കായിക, ആരോഗ്യ, പ്രവൃത്തിപഠന വിഷയങ്ങളുടെ വിലയിരുത്തലിന് ഇതുമായി ബന്ധപ്പെട്ട അധ്യാപകന്റെ നേതൃത്വത്തിൽ വിലയിരുത്തൽ നടത്തണം. അല്ലാത്തപക്ഷം ഈ വിഷയങ്ങളിൽ അഭിരുചിയുള്ള അധ്യാപകരെ ചുമതലപ്പെടുത്തി വിലയിരുത്തൽ നടത്താം. പരീക്ഷാ ടൈംടേബിളിൽ ഈ വിഷയങ്ങൾക്കും ഇടം ഉണ്ടാകണം. ടേം പരീക്ഷ തുടങ്ങി അവസാനിക്കുന്നതിനിടയിലുള്ള ദിവസങ്ങളിൽ 10 മണിക്കും 4 മണിക്കും ഇടയിലുള്ള സൗകര്യപ്രദമായ സമയം ഇതിന് ഉപയോഗപ്പെടുത്താം.

**(1) പ്രവൃത്തി പഠനവുമായി ബന്ധപ്പെട്ട ടേം വിലയിരുത്തൽ മാർഗനിർദ്ദേശങ്ങൾ**

- ഹൈസ്കൂളിന് വേണ്ടി തയാറാക്കിയിട്ടുള്ള പ്രവൃത്തി പരിചയം സോഴ്സ് ബുക്കിലെ 8-ാം തരത്തിലുൾപ്പെടുത്തിയിട്ടുള്ള മേഖലകൾ അടിസ്ഥാനമാക്കിയാവണം വിലയിരുത്തൽ നടത്തേണ്ടത്.
- പ്രവൃത്തി പഠന വിഷയത്തിൽ പ്രായോഗിക/പ്രകടന വിലയിരുത്തലിനാണ് ഊന്നൽ നൽകേണ്ടത്. തൽസമയം തന്നെ ബന്ധപ്പെട്ട അറിവുകളെ സംബന്ധിച്ച ചോദ്യങ്ങളും ചോദിക്കാവുന്നതാണ് (വാചികം). ഇതോടൊപ്പം ഉദ്ഗ്രഥിത വിഷയങ്ങളുമായി ബന്ധപ്പെട്ട് അവശ്യം അറിഞ്ഞിരിക്കേണ്ട അടിസ്ഥാന വൈജ്ഞാനിക ധാരണകൾ കൂടി പരിശോധിക്കാൻ അവസരമൊരുക്കാം.
- പ്രായോഗിക/പ്രകടന വിലയിരുത്തൽ നടത്തുന്നതിന് വേണ്ടി വരുന്ന കൂടുതൽ സമയം പരിഗണിച്ച് കൊണ്ട് വിലയിരുത്തൽ സമയം രണ്ട് മണിക്കൂർ എന്ന് കൃത്യതപ്പെടുത്തേണ്ടതില്ല. ഓരോ പ്രവർത്തനത്തിനും ആവശ്യമായ സമയം ചോദ്യത്തിനോടൊപ്പം രേഖപ്പെടുത്തേണ്ടതാണ്.
- പ്രവർത്തനങ്ങൾ/പ്രകടനങ്ങൾ വിലയിരുത്തുന്നതിനാവശ്യമായ സൂചകങ്ങൾ കൂടി തയാറാക്കേണ്ടതാണ്.
- കുട്ടിയുടെ പ്രകടനം തത്സമയ വിലയിരുത്തലിന് വിധേയമാക്കേണ്ടതാണ്.
- ഓരോ പ്രവർത്തനത്തിനും ആവശ്യമായ സാമഗ്രികൾ സംഘടിപ്പിക്കുകയും, ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തുകയും വേണം.

**(2) കലാപഠനവുമായി ബന്ധപ്പെട്ട ടേം വിലയിരുത്തൽ മാർഗനിർദ്ദേശങ്ങൾ**

കലാപഠനത്തിന് 4 മേഖലകളാണുള്ളത്.

- ചിത്രകല
- സംഗീതം
- നൃത്തം
- നാടകം

- ഇതിൽ ഏതെങ്കിലും ഒരു മേഖല പഠിതാവിന് തെരഞ്ഞെടുക്കാവുന്നതാണ്.
- തെരഞ്ഞെടുത്ത മേഖലയിലെ പ്രകടനത്തിന്റെ വിലയിരുത്തലാണ് നിർവ്വഹിക്കേണ്ടത്.
- സോഴ്സ്ബുക്കിൽ നൽകിയിട്ടുള്ള 8-ാം തരത്തിലെ ഉള്ളടക്കത്തിലെ മികവ് പരിശോധിക്കുന്ന പ്രവർത്തനങ്ങളാണ്/ചോദ്യങ്ങളാണ് ഉൾപ്പെടുത്തേണ്ടത്.
- പ്രവർത്തനത്തിന്റെ/ചോദ്യത്തിന്റെ സ്വഭാവമനുസരിച്ച് സ്കോറിനും, സമയത്തിനും വ്യത്യാസമുണ്ടാകും. സമയം 2 മണിക്കൂർ എന്നു നിജപ്പെടുത്തേണ്ടതില്ല. ഇതോടൊപ്പം ഉദ്ഗ്രഥിത വിഷയങ്ങളുമായി ബന്ധപ്പെട്ട് അവശ്യം അറിഞ്ഞിരിക്കേണ്ട അടിസ്ഥാന വൈജ്ഞാനിക ധാരണകൾ കൂടി പരിശോധിക്കാൻ അവസരമൊരുക്കാം.
- പഠിതാവിന്റെ പ്രകടനം തത്സമയം വിലയിരുത്താവുന്നതാണ്. വിഷയവുമായി ബന്ധപ്പെട്ട ധാരണകൾ അഭിമുഖത്തിലൂടെ ആരായാൻ സാധിക്കും.
- ഓരോ മേഖലയുടേയും വിലയിരുത്തൽ പ്രവർത്തനത്തിനുവേണ്ട മുന്നൊരുക്കങ്ങൾ നടത്തേണ്ടതാണ്.

**(3) ആരോഗ്യകായിക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ടേം വിലയിരുത്തൽ മാർഗനിർദ്ദേശങ്ങൾ**

- എട്ടാംതരത്തിനുവേണ്ടി തയാറാക്കിയിട്ടുള്ള ആക്റ്റിവിറ്റി ബുക്ക്, ടീച്ചർ ടെക്സ്റ്റ് എന്നിവ അടിസ്ഥാനമാക്കിവേണം വിലയിരുത്തൽ നടത്തേണ്ടത്.
- ആരോഗ്യകായിക വിദ്യാഭ്യാസത്തിൽ പ്രകടനവിലയിരുത്തലിനാണ് പ്രാധാന്യം നൽകേണ്ടത്. ആക്റ്റിവിറ്റി ബുക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള ബന്ധപ്പെട്ട അറിവുകളെ സംബന്ധിച്ച ചോദ്യങ്ങളും ചോദിക്കാവുന്നതാണ് (വാചികം).
- പ്രകടന വിലയിരുത്തലിന് 2 മണിക്കൂർ എന്ന് സമയം കൃത്യതപ്പെടുത്തേണ്ടതില്ല. ഓരോ പ്രവർത്തനത്തിനും ആവശ്യമായ സൂചകങ്ങൾ കൂടി തയാറാക്കേണ്ടതാണ്.
- ഓരോ പ്രവർത്തനം ആവിഷ്കരിക്കുമ്പോഴും ആവശ്യമായ ഉപകരണങ്ങൾ സംഘടിപ്പിക്കുകയും, മുന്നൊരുക്കങ്ങൾ നടത്തുകയും വേണം.
- ടേം വിലയിരുത്തലിന് ഗെയിം തിരഞ്ഞെടുക്കുവാൻ സ്കൂൾ കായികാധ്യാപകന് പൂർണസ്വാതന്ത്ര്യമുണ്ട്. അതുകൊണ്ട് പൊതുസൂചകങ്ങൾ നൽകിയാൽ മതിയാകും.

ooo